ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പങ്കെടുത്ത മാധ്യമ പ്രവർത്തകരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്; ചീഫ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് സെക്രട്ടറി, റസിഡന്റ് കമ്മീഷണർ, കേരള സർക്കാർ; അഡീഷണൽ റസിഡന്റ് കമ്മീഷണർ, ഇൻഫർമേഷൻ ഓഫീസർ, ന്യൂഡൽഹി.

(ഡി) സംസ്ഥാനത്തിന്റെ നാനമുഖമായ വികസനത്തെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും പ്രഗത്ഭരും അനുഭവ സമ്പന്നരുമായ പത്ര പ്രവർത്തകരുടെ അഭിപ്രായങ്ങൾ ആരായുക, വികസന രംഗങ്ങളിൽ സർക്കാർ കൈക്കൊണ്ടുവന്ന നടപടികളെക്കുറിച്ച് വിശദീകരിക്കുക, സർക്കാർ നടപ്പിലാക്കിയ നൂറു ദിന കർമ്മ പരിപാടിയെക്കുറിച്ച് അറിയിക്കുക തുടങ്ങിയവയായിരുന്നു ഉദ്ദേശ്യം.

ഡൽഹിയിലെ ദേശീയ മാധ്യമ പ്രവർത്തകരുമായി രണ്ടു മണിക്കൂറിലധികം സംവാദിക്കാനും സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകളെയും പ്രശ്നങ്ങളെയും കുറിച്ച് അവരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കാനും കഴിഞ്ഞത് നേട്ടമാണ്.

പുതിയ ഐ. ടി. പാർക്കുകൾ

82 [857] ശ്രീ. കെ. പി. രാജേന്ദ്രൻ :

„ മാങ്കോട് രാധാകൃഷ്ണൻ :

„ എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഐ. ടി. പാർക്കുകൾ ആരംഭിക്കുന്നതിന് ഏതൊക്കെ രാജ്യങ്ങളുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) കൊച്ചിയിൽ തുടങ്ങാനുദ്ദേശിക്കുന്ന സ്മാർട്ട് സിറ്റിക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സഹായങ്ങളും ഇളവുകളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ; ഈ മേഖലയിൽ പുതുതായി എത്രപേർക്ക് തൊഴിൽ സാദ്ധ്യത ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ ;

† അനുബന്ധം-IV.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഐ. ടി. മേഖലയിൽ എത്രകോടി നിക്ഷേപമുണ്ടായിയെന്നും അവ ഏതൊക്കെ മേഖലകളിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ധാരണാപത്രം ഒന്നും ഒപ്പുവച്ചിട്ടില്ല.

(ബി) ചർച്ചകളുടെ അടിസ്ഥാനത്തിൽ ദുബായ് ഇന്റർനെറ്റ് സിറ്റി സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ താഴെപ്പറയുന്നവയാണ്:

(i) 1000 ഏക്കർ ഭൂമി മൊത്തം ആവശ്യമുള്ളതിൽ ഒന്നാം ഘട്ടത്തിൽ 400 ഏക്കർ ഭൂമി ലഭ്യമാക്കുക.

(ii) ആവശ്യമായ വൈദ്യുതി ലഭ്യമാക്കുക.

(iii) നിർദ്ദിഷ്ട സിറ്റിയുടെ അതിർത്തിവരെ ജലം ലഭ്യമാക്കുക.

(iv) അന്താരാഷ്ട്ര നിലവാരമുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുക.

75,000 ജോലി സാദ്ധ്യതകൾ ഉണ്ടാക്കുവാനാണ് ദുബായ് ഇന്റർനെറ്റ് സിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഇൻഫോ പാർക്കിലെ നിക്ഷേപം 90 കോടിയും, ടെക്നോപാർക്കിലെ നിക്ഷേപം 225 കോടിയും ആണ്. കെ. എസ്. ഐ. ഡി. സി.യുടെ സഹായത്തോടെ 7 പദ്ധതികൾക്കായി 6.68 കോടി രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ദുബായ് സ്മാർട്ട് സിറ്റി

83 [858] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുബായ് സ്മാർട്ട് സിറ്റി പ്രോജക്ട് സംബന്ധിച്ച ചർച്ചകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും തന്മൂലം സംസ്ഥാനത്തിന് ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രാരംഭ ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ.

(ബി) സംസ്ഥാനത്ത് കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് ദുബായ് ഇന്റർനെറ്റ് സിറ്റി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കൊച്ചിയിലെ ടെക്നോളജി കമ്പനികൾക്ക് അനുയോജ്യമായ സംയോജിത ക്യാമ്പസ് സ്ഥാപിക്കുന്നതിനുള്ളതാണ് നിർദ്ദിഷ്ട പദ്ധതി. ഈ ക്യാമ്പസിൽ വിദ്യാഭ്യാസം, വ്യാപാരം, ഭവനം, വിനോദ വിശ്രമ കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly